# GREGORIAN VOICE

Newsletter of St.Gregorios Jacobite Syrian Orthodox Church, Dublin
(For private circulation only)

April 2016






**Let’s pray for their safe return.**

നമ്മുടെ പിതാക്കന്മാരായ ***Syriac Orthodox Archbishop H.E Yohanna Ibrahim*** **and Greek Orthodox Archbishop H.E Boulos Yazigi** എന്നിവരെ ഭീകരവദികൾ തട്ടിക്കൊണ്ടു പോയിട്ട് മൂന്ന് വർഷം തികയുകയാണ്. ഈ പിതാക്കന്മാരുടെ സുരക്ഷിതമായ തിരിച്ചുവരവിന് പ്രാർത്ഥിക്കുന്നതിനോടോപ്പം, ആശരണരായ ആളുകളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്നതിനിടയിൽ യമനിൽ വച്ച് ഭീകരവദികളാൽ തട്ടിക്കൊണ്ടുപോകപ്പെട്ട **Father Tom Uzhunnalil** നു വേണ്ടിയും നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

## In This Issue


- Easter message
- Vicars Desk
- Editors page
- Asst Vicar’s message
- Rev Fr Thomas Puthiyamadatill ‘s message
- Internet Safety Tips
- JSVBS-2016

# GREGORIAN VOICE

SYRIAN ORTHODOX PATRIARCHATE
OF ANTIOCH & ALL THE EAST
BAB TOUMA, P.O.BOX 22260
DAMASCUS - SYRIA

باب توما - ص ب ٢٢٢٦٠
دمشق - سورية

**BY THE GRACE OF GOD**
**Ignatius Aphrem II**
Patriarch of Antioch and All the East
Supreme Head of the Universal Syrian Orthodox Church

IGNATIUS APHREM II
Patriarch of Antioch & All the East
Supreme Head of the Universal Syrian Orthodox Church
2014

No EI 33/16 March 16, 2016

**Apostolic benediction to our beloved Brother-in-Christ His Beatitude Catholicos Mor Baselios Thomas I, Their Eminences our brother Metropolitans and our beloved spiritual children: the Very Reverend Corepiscopos, Venerable Monks, Esteemed Priests, Reverend Deacons, Respected Nuns and all our Malayalee faithful all over the world.**

We wish you all a happy Easter. May the joy of the Resurrection of Our Lord Jesus Christ fill your hearts and your souls! We praise and glorify God always for all of you with love and affection especially for your loyalty to the true faith of Antioch.

We are aware of the struggles you are going through in your lives. The Risen Lord gives us hope and peace to overcome the various challenges we face today. After the Cross there is always the glory of the Resurrection. St. Paul gives us courage by saying ***"I consider the sufferings of this present time are not worth comparing with the glory about to be revealed to us" (Romans 8:18).*** The suffering people carry Our Lord in their hearts knowingly or unknowingly. Our priority should always be to care for the needy and suffering people. Here in Syria too we go through sufferings but the living Lord gives us hope. We still continue to have hope in the safe return of our beloved brothers in Christ the two archbishops Their Eminences Mor Gregorios Yuhanna Ibrahim and Mor Paulose Yazigi and we ask you to keep them in your prayers. We also mourn the merciless killings of the nuns in Yemen who paid the ultimate price for their faith.

We are eagerly waiting to meet you all again in India. We assure you of our sincere prayers and fervent supplications to the Lord for all of you especially for our beloved Brother in Christ His Beatitude Mor Baselios Thomas I the Catholicos of India. We extend our Apostolic and Fatherly Blessings to you all. May the grace of God be with you all.



## Vicar’s Desk

ഒരിക്കല് മൂന്നു കുട്ടികള് കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോളാണ് ഒരു റോമാപട്ടാളക്കാരന്റെ ആഗമനശംബ്ദം കേട്ടത്. ഉടനടി കുട്ടികള് കളികള് ഉപേക്ഷിച്ച് പലവഴിക്ക് ഓടി. കാരണം റോമാപട്ടാളക്കാരന് ആവശ്യപ്പെട്ടാല് ഒരു മൈല് അയാളുടെ സാധനങ്ങള് ചുമന്ന് കൊടുക്കണമെന്നാണ് നിയമം. കുട്ടികളില് രണ്ടുപേറ് സുരക്ഷിതമായ ഒളിസ്ഥലം കണ്ടെത്തിയെങ്കിലും, ഒരുവന് മറഞ്ഞിരിക്കാന് ഒരിടം കണ്ടെത്താനായില്ല. അങ്ങനെ അവന് പിടിക്കപ്പെട്ടു. പട്ടാളക്കാരന്റെ സാധനങ്ങള് ചുമന്ന് കൊണ്ടുള്ള ആ യാത്രയില് അവന്റെ മനസില് അഗാധമായ ലജ്ജയും വെറുപ്പും ദുഃഖവും ദേഷ്യവുമെല്ലാം നിറഞ്ഞുകൊണ്ടിരുന്നു. പട്ടാളക്കാരന് അവനോട് ഒരു കാരുണ്യവും കാട്ടിയില്ല. വെറുപ്പോടെ നോക്കി, ധാറ്ഷ്ട്യത്തോടെ നയിച്ചു. സമയത്തിന് നീളം കൂടുന്നതായും, അവന്റെ അഭിമാനസൌധം നിലംപരിശാകുന്നതുപോലെയും അവനു തോന്നി. ഈ പട്ടാളക്കാരന് അവന്റെ ഇരട്ടി വലുപ്പമുണ്ട്. ആരോഗ്യവും... എന്നിട്ടും ഇതു ഞാന് ഒറ്റക്ക്.... അവനു കരച്ചിലിന്റെ ഇലുകയോളം എത്തി...അപ്പോള് അവന്റെ മനസില് ആശ്വാസത്തിന്റെ ആ നനുത്തസ്വരം അവന്റെ വിസ്മൃതിയില് നിന്നുണറ്ന്നു. ഗിരി മുകളിലെ സ്വറ്ഗ്ഗീയപ്രഭാഷകന്റെ........ഒരു മൈല് നിന്നോടു കൂടെ പോകുവാന് ആവശ്യപ്പെടുന്നവനോടൊത്ത് രണ്ടു മൈല് പോവുക....

നിന്റെ ചുമതല നീ നിവറ്ത്തിച്ചു കഴിഞ്ഞു. നിനക്കിനി പോകാം. ആ പട്ടാളക്കാരന്റെ സ്വരം അവനെ ഉണറ്ത്തി... അവന് ആ പട്ടാളക്കാരന്റെ കണ്ണുകളിലേക്ക് നോക്കിയിട്ട് പുഞ്ചിരിയോടെ പറഞ്ഞു..ഞാന് ഒരു മൈല് കൂടെ ഇത് നിങ്ങള്ക്ക് ചുമന്നു തരാം...

എന്തിന് പട്ടാളക്കാരന് ചോദിച്ചു.

നിങ്ങള്ക്ക് മറ്റൊരാളെ കിട്ടിയില്ലെങ്കില് നിങ്ങള് തന്നെ ഇതു ചമുക്കണ്ടേ... ഇതു കേട്ട് പട്ടാളക്കാരന്റെ കണ്ണുകള് വിടറ്ന്നു..

നിനക്ക് എവിടെ നിന്നു കിട്ടി ഈ ബുദ്ധി.. അല്പം പരിഹാസത്തോടും ചിരിയോടും കൂടെ പട്ടാളക്കാരന് ചോദിച്ചു...അവന് നസ്രേത്തിലെ സഭാപ്രസംഗിയെ പറ്റി അവനോട് പറഞ്ഞു.. അവന്റെ സ്നേഹത്തിന്റെ ഉപമകള് അവന് വിവരിച്ചു കൊടുത്തു.. ചില ഇടങ്ങളില് പട്ടാളക്കാരന് ചില ചോദ്യങ്ങള് ചോദിച്ചു... അദ്ദേഹത്തിന്റെ മൌനം അയാളറിയാതെ വചനധ്യാനത്തിന് വഴിമാറി.. ഒടുവില് ആ ദാറ്ഷ്ട്യത്തിന്റെ കരങ്ങള് കരുണയോടെ ആ ചുമട് ഏറ്റുവാങ്ങികൊണ്ട് അവനോട് പറഞ്ഞു..നിന്റെ രണ്ടാം മൈലും നീ പൂറ്ത്തീകരിച്ചിരിക്കുന്നു.. പിന്നെ ഒന്നു നിറ്ത്തിയിട്ട് അവനോട് പറഞ്ഞു.. നീ ബാലനാണെങ്കിലും നിന്നില് ഒത്തിരി നന്മകള് ഉണ്ടു്...

ആ മുഖത്തു നോക്കി കുട്ടിയൊന്നു മധുരമായി പുഞ്ചിരിച്ചുകൊണ്ട് ഇങ്ങനെ പ്രതിവചിച്ചു... നമുക്കു വീണ്ടും കാണാം... പിന്നെ തിരിഞ്ഞു നടന്നു... താന് നടന്നകലുന്നതും നോക്കി ആ പട്ടാളക്കാരന് നില്ക്കുന്നത് അവന് ശ്രദ്ധിക്കാതിരുന്നില്ല..

ആ മലപ്രസംഗകന്റെ വാക്കുകളുടെ മാധുര്യം നുണഞ്ഞിറക്കികൊണ്ട് അവന് നടന്നു.. രണ്ടാം മൈല് നിശ്ചയമായും ഒരു വിസ്മയമാണ്. അതെന്റെ പരാജയത്തെ വിജയമാക്കി... അതെന്നെ വെറുക്കുന്നവനെ എന്റെ സ്നേഹിതനാക്കി രൂപാന്തരപ്പെടുത്തുന്നു. .. രണ്ടാം മൈല് പൂറ്ത്തിയാക്കിയതുപോലും ഞാന് അറിഞ്ഞില്ല, ഒപ്പം ഞാന് വഹിച്ചിരുന്ന ഭാരവും.. അങ്ങനെ അന്ന് അവന് തന്റെ ഹൃദയത്തില് കുറിച്ചിട്ടു... രണ്ടാം മൈല് ഒരു വിജയമാണ്..പീഡകന്റെമേല് പീഢിതന് നേടുന്ന അനിഷേദ്ധ്യമായ വിജയം...... അതുകൊണ്ട് ഇനി ഓടുമ്പോൾ വിജയം വരെയും ഓടണം..... രണ്ടാം മൈല് വരെ............

സ്നേഹപൂറ്വ്വം

ബിജു അച്ചന്

# Internet Safety Tips




- **Any child or teen can become the victim of an Internet predator.** Predators do not discriminate based on gender, ethnicity, education, socioeconomic status, income, or religion. It can happen. It does happen. It is happening.

- Teach your child or teen to **never share private or identifying information**, such as his or her name, address, school, etc., with a person online that is not known or trusted in real life. A predator can use this information to groom and/or locate your child or teen.

- **Strengthen the privacy settings on all social networking sites** and ensure that these settings remain unchanged after updates. Social networking sites often publish posts as "public" based on the default settings.

- **Disable Geotagging on all mobile devices**, as it has the ability to automatically pinpoint and disclose your child's or teen's location. This option can usually be found under "Settings" on most devices. You can also contact your service provider or device manufacturer.

- **Discuss the dangers of "checking in."** Various applications allow your child or teen to share his or her exact current location on social media sites.

- Remind your child or teen to **choose an online handle, username, or screen name carefully**. Much can be inferred from how your child or teen represents himself or herself online, which can prompt a predator's initial contact.

- **Monitor your child's or teen's activity on the computer and on all mobile devices**. This includes desktops, laptops, tablet computers, cell phones, and all handheld and video game devices with online connectivity. There are numerous parental monitoring options available online or through your service provider. Please, do not feel that you are "spying" on your child or teen. You are the parent. This is your responsibility.

- **Know the passwords on all devices** used by your child or teen. Check them regularly.

- **If you suspect your child or teen is being cyberbullied**: be supportive, get the facts, and if necessary, contact the school or law enforcement. Conversely, **teach your child or teen that there are negative consequences for those who cyberbully**.


- **Many children and teens engage in sexting**. This is the sharing of explicit texts/photos between phones or other devices. Sending and/or receiving nude pictures of minors is considered child pornography. As a result, there may be both emotional and legal consequences for both you and your child or teen.

- **Educate yourself** on the mobile applications that your child or teen is using. Ask for an explanation and a demonstration.

- **Maintain loving, open, and respectful lines of communication** with your child or teen while setting enforceable rules for online safety. **Assure your child or teen that he or she can always come to you for help** in an uncomfortable or potentially dangerous situation.

***** If you feel that your child or teen is being groomed, harassed, threatened, or exploited online, you should immediately report this activity to your local law enforcement**

(Courtesy http://www.aliciaproject.org)



# Editors Page

പ്രീയരെ,

ലോകം മുഴുവനും യേശു ക്രിസ്തുവിന്റെ ഉയർപ്പു പെരുന്നാൾ ആഘോഷത്തിന്റെ ദിവസങ്ങളിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഉയർപ്പിന്റെ അവസരത്തിൽ യേശു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് എന്ന നടത്തിപ്പുകാരനെ പ്രത്യാശയോടെ കാത്തിരിക്കുന്ന ദിവസങ്ങളാണിത്.

നമ്മുടെ പിതാക്കന്മാരായ *Syriac Orthodox Archbishop H.E Yohanna Ibrahim* and Greek Orthodox Archbishop H.E Boulos Yazigi എന്നിവരെ ഭീകരവദികൾ തട്ടിക്കൊണ്ടു പോയിട്ട് മൂന്ന് വർഷം തികയുകയാണ്. ഈ പിതാക്കന്മാരുടെ സുരക്ഷിതമായ തിരിച്ചുവരവിന് പ്രാർത്ഥിക്കുന്നതിനോടോപ്പം, ആശരണരായ ആളുകളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്നതിനിടയിൽ യമനിൽ വച്ച് ഭീകരവദികളാൽ തട്ടിക്കൊണ്ടുപോകപ്പെട്ട Father Tom Uzhunnalil നു വേണ്ടിയും നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ലക്ഷക്കണക്കിനു നിരപരാദികൾ ഭീകരവാദത്തിന് ഇരയായിക്കൊണ്ടിരിക്കുന്നു. എവടങ്ങളിലെല്ലാം സമാധാനം പുലരുന്നതിനുവേണ്ടി സർവേശ്വരനോടു അപേക്ഷിക്കാം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന വാർത്തകൾ നമുക്ക് വലിയ പ്രത്യാശകൾ നൽകുന്നവയല്ല. വ്യക്തികൾ തമ്മിലും, സമൂഹങ്ങൾ തമ്മിലും, സംഘടനകൾ തമ്മിലും, രാജ്യങ്ങൾ തമ്മിലുമുള്ള സംഘട്ടനങ്ങൾ ഈ ലോകത്തിന്റെ തന്നെ നിലനിൽപ്പിന് ഭീഷണി ഉണ്ടാക്കുന്ന നിലയിലേക്ക് വളർന്നിരിക്കുകയാണ്. ഈ കാലത്തിൽ നമ്മെ പ്രത്യാശയോടെ മുന്നോട്ടുനയിക്കാൻ ഉയർപ്പിന്റെ വലിയ സന്ദേശത്തിന് കഴിയട്ടെ.

ലോകത്തിന് ക്രിസ്തു നൽകിയ മഹത്തായ സന്ദേശമാണ് സ്നേഹം, സന്തോഷം, സമാധാനം എന്നിവ. ഒന്നിൽ നിന്നും മറ്റൊന്നു വേർപിരിക്കനകാത്ത വിധം യോചിച്ചിരിക്കുന്ന മൂന്ന് സന്ദേശങ്ങൾ. വ്യക്തികളായും, സമൂഹമായും സ്നേഹത്തിന്റെ പ്രായോഗികഭാവം കാണിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? നാം ആയിരിക്കുന്നതെല്ലാം ദൈവത്താൽ ആക്കപ്പെട്ടതെന്ന ചിന്ത നല്കുന്ന സന്തോഷം നാം ഉൾക്കൊള്ളുന്നുണ്ടോ ?ലോകത്തിലെ അസമാധനങ്ങൾക്കിടയിലും ആ സ്വർഗീയ സമാധാനം ഞാൻ നൽകുന്നു എന്ന ശബ്ദം നമ്മുടെ കാതുകളിൽ പ്രധിധ്വനിക്കാറുണ്ടോ?

ദൈവത്തോടു ചേർന്നുള്ള ഒരു ജീവിതം കൊണ്ടു മാത്രമേ ഈ സന്ദേശങ്ങൾ അനുഭവിക്കാൻ കഴിയൂ. ആയതിനു ദൈവം നമ്മെ പ്രാപ്തനാക്കുന്നതിന് നമുക്ക് പ്രാർത്ഥിക്കാം.

കൂടുതൽ വൈവിധ്യമായ പംക്തികളുമായി നമ്മുടെ ഗ്രെഗോറിയൻ വോയിസ് ഒരുങ്ങുകയാണ്. നിങ്ങളുടെ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. സുറിയാനി സഭയിലെ വിശുദ്ധന്മാരെ പരിചയപ്പെടുത്തുന്ന ഒരു പംക്തി വരും ലക്കങ്ങളിൽ പ്രതീക്ഷിക്കാം. താല്പര്യമുള്ളവർ നിങ്ങളുടെ വിലയേറിയ ആർട്ടിക്കിൾ നിങ്ങളുടെ ഫോട്ടോ സഹിതം അയച്ചു തരുമല്ലോ.

ജിബി ജേക്കബ്

**Please email gregorianvoice@gmail.com with your suggestions and comments.**

Let's thank god for giving us the opportunity to participate the Passion Week services at our church.







Good Friday
Night Vigil
Youth Association
St Gregorios Jacobite Syrian Orthodox Church
Dublin, Ireland
This Good Friday,
May the Love of the Lord Brighten your Days and bring you Peace always
Come and be Blessed
Good Friday
Night Vigil
25 March 2016 4:00 PM
To
26 March 2016 10:00 AM
St. Gregorios Jacobite Syrian Orthodox Church,
Arran Quay,
Dublin, Ireland


Youth Association
St Gregorios Jacobite Syrian Orthodox Church
Dublin, Ireland
This Good Friday,
May the Love of the Lord Brighten your Days and bring you Peace always
Come and be Blessed
Good Friday
Night Vigil
25 March 2016 4:00 PM
To
26 March 2016 10:00 AM
St. Gregorios Jacobite Syrian Orthodox Church,
Arran Quay,
Dublin, Ireland



## <u>നീതിമാനായ യൌസേഫ്</u>

**നീതിമാനായ യൌസേഫ് എന്ന പേരിലാണ് വി.യൌസേഫ് വേദ** പുസ്തകത്തിൽ അറിയപ്പെടുന്നത്. വി.യൌസേഫിനെ കുറിച്ച് വേദപുസ്തകത്തിൽ വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ രേഖപെടുത്തിയിട്ടുള്ളൂ. ബേത് ലഹേം ആണ് ജന്മസ്ഥലം എന്ന് ചരിത്രകാരൻമാർ രേഖപെടുത്തുന്നു. അതുകൊണ്ടാണ് പേർവഴി ചാർത്തുവാൻ അദ്ദേഹം ബെത്ലഹേമിൽ വന്നത്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് യാക്കോബ് എന്നു വി.മത്തായിയും, ഹേലി എന്ന് വി .ലൂക്കൊസും,സുവിശേഷത്തിൽ രേഖപെടുതിയിട്ടുണ്ട്. പഴയകാലത്ത് ഒരാൾ തന്നെ ഒന്നിലധികം പേരിലറിയപ്പെട്ടിരുന്നു.വി.യൗസെഫ് ഒരു തച്ചനായിരുന്നു.അദ്ദേഹം തന്റെ നല്പ്പതാമത്തെ വയസ്സിൽ വിവാഹം കഴിച്ചു.മൽവ(എസ്ക്ക) എന്നായിരുന്നു ഭാര്യയുടെ പേര്.ആ വിവാഹത്തിൽ അദ്ദെഹത്തിനു ആറു മക്കൾ ജനിച്ചു.രണ്ടു പെൺകുട്ടികളും,നാല് ആൺകുട്ടികളും.വി മത്തായി 13.55,വി മർക്കോസ് 6.3, എന്നി വാക്യങ്ങളിൽ പരാമർശിക്കപ്പെടുന്ന വി .യാക്കോബ് ഇവരിൽ ഒരാളായിരുന്നു.നീണ്ട 49 വർഷത്തെ ദാമ്പത്യ ജീവിതത്തിനുശേഷം മൽവ മരിച്ചു.ഈ കാലഘട്ടത്തിലാണ് യഹൂദയിലെങ്ങും പുരോഹിതന്മാർ കന്യക മറിയമിനുവേണ്ടി ഉത്തമ പുരുഷനെ തിരഞ്ഞെടുക്കന്നിതിനുള്ള തിരച്ചിൽ ആരംഭിച്ചത്.വി യൗസെഫിനും നിർബന്ധപൂർവ്വം ഈ തിരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടാതായി വന്നു.

പുരോഹിതൻമാർ എല്ലാവരുടെയും കൈവശമുള്ള വടികൾ വാങ്ങി കന്യകമറിയാമിന് മുമ്പിൽ നിരത്തി വച്ചു.പിന്നീട് അവർ പ്രാർത്ഥിച്ചു കൊണ്ടു ദൈവം കന്യകയ്ക്ക് തിരഞ്ഞെടുക്കുന്ന വരനെ കാണുവാൻ കാത്തുനിന്നു വൈകാതെ വടികളിൽ ഒന്നിൽ നിന്നും ഒരു പ്രാവ് പറന്നുയരുന്നത് അവർ കണ്ടു.ആ വടി യൗസെഫിന്റെ ആയിരുന്നു.

(മറ്റൊരു ഗ്രന്ഥത്തിൽ യൗസെഫിന്റെ ഉണങ്ങിയ വടി തളിർത്തു എന്നും കാണുന്നു ) തൊണ്ണൂര് വയസ്സ് പ്രായമുള്ള താൻ കേവലം 12 വയസ്സ് പ്രായമുള്ള കന്യകയെ വിവാഹം കഴിക്കുക എന്നതിൽ വിസമ്മതം പ്രകടിപ്പിച്ചു.വൃദ്ധന്മാർ ബാലികമാരെ വിവാഹം ചെയ്യാൻ താൽപ്പര്യപ്പെട്ടിരുന്ന അക്കാലങ്ങളിൽ യൗസെഫ് നീതി പ്രവർത്തിച്ചു.പക്ഷേ,പുരോഹിതന്മാരുടെ നിർബന്ധത്തിന് വഴങ്ങി കന്യകയെ ഒരു മകളെ പോലെ സ്വീകരിച്ചു.പിന്നീടാണ് അവൾ ഗർഭിണിയാണെന്ന് അറിഞ്ഞത്.തന്റെ മകളുടെ പ്രായം പോലുമില്ലാത്ത കന്യക ഗര്ഭിണിയാനെന്നറിഞ്ഞു അദ്ദേഹം വ്യസനിക്കുകയും കന്യകയെ രഹസ്യത്തിൽ ഉപേക്ഷിക്കാൻ തീരുമാനിക്കുകയും ചെയ്തു.പരസ്യമായി അദ്ദേഹം മറിയമിനെ തള്ളി പറഞ്ഞാൽ ,മരണശിക്ഷയാകും മറിയമിനു നൽകുക എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു.വിഷമിച്ചിരുന്ന യൗസെഫിനെ ദൈവത്തിന്റെ മാലാഖ ആശ്വസിപ്പിക്കുകയും കന്യകയുടെ പാതിവ്രത്യത്തെകുറിച്ചും മശിഹായുടെ ജനനത്തെക്കുറിച്ചും യൗസെഫിനു അറിവു നല്കുകയും ചെയ്ധു.

വി.യൗസെഫ് ക്രിസ്തുവിന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പേ ഭൂമിയിൽ നിന്നും മാറ്റപ്പെട്ടു.അദ്ദേഹം തന്റെ നൂറ്റിപതിനൊന്നാമത്തെ വയസ്സിൽ മരിച്ചു(90 വയസ്സിൽ മരിച്ചു എന്നും പറയപ്പെടുന്നു) നീതിപൂർണമായും പരിപാവനവുമായ ജീവിതം നയിച്ച ഇദ്ധേഹത്തിന്റെ മൃതശരീരം യഹൂദ ആചാര പ്രകാരം നസ്രേത്തിലെ യൗസെഫിന്റെ താഴ്വര എന്നാ സ്ഥലത്ത് അടക്കം ചെയ്ധു എന്ന് ചരിത്രം സാക്ഷിക്കുന്നു.

മനുഷ്യാവതാരമെടുത്ത ദൈവത്തിന്റെ വളർത്തുപിതാവാകാൻ നീതിമാനായ യോസേഫിനെ പ്രാപ്തനാക്കിയത് അദ്ദേ ഹത്തിന്റെ സ്വഭാവ ഗുണങ്ങൾ തന്നെയായിരുന്നു..നീതിയുക്തവും സ്വഭാവ മഹിമയുമുള്ള വ്യക്തിത്വമുള്ളവരായി ജീവിക്കുവാൻ വി.യൗസെഫ് പിതാവിന്റെ ജീവിതം നമുക്കും മാതൃകയാകട്ടെ എന്ന് പ്രാർത്ഥിച്ചു നിർത്തുന്നു...

*ജിനോ അച്ചൻ*



## സംഘർഷവും സമാധാനവും.

ഫാ. തോമസ് പുതിയാമഠത്തിൽ

സുഖസൗകര്യങ്ങളുടെ മധ്യത്തിലും സ്വസ്തമായി ഉറങ്ങുവാൻ കഴിയാത്ത അനേകരെ നമുക്കു ചുറ്റും കാണുവാൻ കഴിയും. പലവിധമായ പ്രശ്നങ്ങൾ കൊണ്ട് മനസ്സിന്റെ സ്വസ്ഥത നഷ്ടപ്പെട്ട അവസ്ഥയിലാണ് അനേകർ. മനുഷ്യന്റെ സ്വസ്ഥത നഷ്ടപ്പെടുന്നതിലേക്ക് നയിക്കുന്ന കാരണങ്ങൾ പലതാണ്. അനേകം പടയാളികളും സമ്പത്തും വിസ്തൃതമായ രജ്യവുമുള്ള ഒരു രാജാവിന് സമാധാനമെന്നത് മരീചികയായിരുന്നു. ഒരു രാത്രി പോലും ശാന്തമായി ഉറങ്ങുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. എന്നാൽ ഒരിക്കൽ ദരിദ്രനായ ഒരു കർഷകന്റെ ഭവനം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ആ കർഷകന്റെ വീട്ടിൽ ദാരിദ്രത്തിന്റെ നടുവിലും സമാധാനവും സന്തോഷവും നിറഞ്ഞു നിന്നിരുന്നു. ദരിദ്രനായ കർഷകന്റെ ഭവനത്തിലെ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും കാരണമറിയുവാനുള്ള ആകാംക്ഷ രാജാവിന്റെ മനസ്സിലുറച്ചു. അദ്ദേഹം തന്റെ ബുദ്ധിമാനായ മന്ത്രിയോട് കാര്യം തിരക്കി. ധനികനും രാജ്യത്തിന്റെ അധിപനുമായ തന്റെ കൊട്ടാരത്തിൽ അന്യ മായ സമാധാനവും ശാന്തിയും ദരിദ്രനായ കർഷകന്റെ ഭവനത്തിൽ അനുഭവിക്കുവാൻ സാധിക്കുന്നത് എങ്ങെനെയാണ്? . ധനികനായ തനിക്ക് ശാന്തമായി രാത്രിയിൽ ഉറങ്ങുവാൻ സാധിക്കുന്നില്ല, ദരിദ്രനായ കർഷകന് ശാന്തമായി ഉറങ്ങുവാൻ കഴിയുന്നു. ഇതിന്റെ കാരണമെന്താണ്?

ഒരു ദിവസം മന്ത്രി രാജാവിന്റെ അനുവാദത്തോടെ ആരും കാണാതെ തൊണ്ണൂറ്റിഒൻപത് സ്വർണ്ണനാണയങ്ങൾ കിഴിയിലാക്കി ആരും കാണാതെ ദരിദ്രനായ കർഷകന്റെ വീട്ടുവാതിക്കൽ കൊണ്ടുപോയി വെച്ചു. കർഷകൻ വൈകിട്ട് പണികഴിഞ്ഞു വീട്ടിൽ മടങ്ങിവന്നപ്പോൾ വീട്ടുവാതുക്കൽ പണക്കിഴികണ്ട് ഞെട്ടി. സന്തോഷത്തോടെ അതു തുറന്ന് നോക്കി. ; കൃത്യമായി എണ്ണി - തൊണ്ണൂറ്റി ഒൻപത്, വീണ്ടും വീണ്ടും എണ്ണി തൊണ്ണൂറ്റി ഒൻപത് നാണയങ്ങൾ മാത്രം. ആ രാത്രി കർഷകന് ഉറങ്ങുവാൻ കഴിഞ്ഞില്ല. ആ മനുഷ്യന്റെ മനസ്സിൽ നിറഞ്ഞു നിന്നിരുന്നത് തൊണ്ണൂറ്റി ഒൻപത് നൂറാക്കി തികക്കുന്നതിനുവേണ്ടിയുള്ള ചിന്തകളായിരുന്നു. പിന്നീടുള്ള രാത്രികളിലും കർഷകന് ശാന്തമ ായി ഉറങ്ങുവാൻ കഴിഞ്ഞില്ല ഒന്നു നേടിക്കഴിയുമ്പോൾ മറ്റൊന്നിനു വേണ്ടിയുള്ള അന്വേഷണമായി, രാത്രികൾ ഉറക്കമില്ലായ്മയുടേതായി.

രാജാവിന് തന്റെ ജീവിതത്തിലെ ഉറക്കമില്ലായ്മയുടെ കാരണം വ്യക്തമായി. നമ്മുടെ മനസ്സ് എവിടെയാണോ അവിടെയായിരിക്കും നമ്മുടെ ശരീരവും. മനസ്സുമായി ബന്ധപ്പെട്ട് ബാഹ്യവും ആന്തരീകവുമായി, ബോധപൂർവ്വവും അബോധപൂർവ്വവുമായി ഓരോ ചലനവും ചിന്തയും നിർവ്വഹിക്കപ്പെടുന്നത്. അത് ജീവിതത്തിലെ താളം തെറ്റലിനു കാരണമ ായി തീരും. നിർവ്വഹിക്കേണ്ടവ കൃത്യമായി സമയത്ത് പ്രവൃത്തിക്കാതിരിക്കുന്നതിന് ഇതുകാരണമായിത്തീരും.

സ്വഭാവിക ജീവിത പ്രക്രിയക്കു വിരുദ്ധമായി, അമിതമായി പലതും ആഗ്രഹിക്കുകയും, അതിനുവേണ്ടി അത്യധ്വാനം ചെയ്ത് ജീവിതക്രമത്തിൽ വിള്ളലുകൾ തീർത്ത് മനുഷ്യന്റെ ശരീരത്തിനും മനസ്സിനും കേടുവരുത്തുന്ന മാനസിക സംഘർഷം പേറി നടക്കുന്ന അനേകർ ഇന്ന് സമൂഹത്തിന്റെ ഭാഗമാണ്.

ഇത്തരം വ്യക്തിത്വങ്ങളെ ഉൾക്കൊള്ളുന്ന സ
മൂഹത്തിലും സംഘർഷവും കലഹവും കലാപങ്ങളുമൊക്കെ നിത്യ സംഭവങ്ങളായി അരങ്ങേറും. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഇന്ന് സമൂഹത്തിൽ നില നില്ക്കുന്ന സംഘർഷങ്ങളുടെ അത്യന്തീകമായ കാരണക്കാർ അമിത ത്വരയുമായി നടക്കുന്ന വ്യക്തികളാണ്. ഇപ്രകാരം അമിത ത്വരയുമായി നടക്കുന്ന വ്യക്തികൾ കടന്നു ചെല്ലുന്നിടത്തൊക്കെ സംഘർഷത്തിന്റെ കനലുകൾ എരിയുവാൻ കാരണമായിട്ടുണ്ട്.

മനുഷ്യന്റെ ശരീര മനസ്സുകൾക്കു കേട്ടുവരുന്ന സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളേയും പിരിമുറുക്കങ്ങളേയും അതിജീവിക്കുവാനും മനസ്സിന്റെ സമനില തെറ്റാതെ കാത്തു സൂക്ഷിക്കുവാനും എന്താണ് മാർഗ്ഗം? ഒന്നാമതായി ഓരോരുത്തർക്കുള്ള കഴിവുകൾക്കനുസരിച്ച് പരമാവധി അധ്വാനിക്കുക. രണ്ടാമതായി ഓരോരുത്തരുടെയും പരമാവധി കഴിവുകൾക്
കനുസരിച്ച് ആർജ്ജിക്കാവുന്നതുന മപ്പുറത്തേക്ക് ആഗ്രഹങ്ങളെ വളർത്താതിരിക്കുക. മൂന്നമതായി സത്യസന്ധമായും മര്യാദയായും ഇടപഴകുന്നതിലൂടെ മറ്റുള്ളവരിൽ നിന്ന് അംഗീകാരം നേടുക. നാലാമതായി ദൈവത്തിൽ പരിപൂർണ്ണമായി വിശ്വാസം അർപ്പിക്കുക.

ഈ നാല് കാര്യങ്ങളെ പാലിക്കുവാനായാൽ ശരീര മനസ്സുകളുടെ സ്വസ്ഥത ഉറപ്പാക്കാം. നമ്മുടെ പ്രവൃത്തികളുടെ അപര്യാപ്തതെയെ കുറിച്ചോ നമ്മുടെ അപ്രാപ്തിയെക്കുറിച്ചോ ഓർത്ത് പരവശ്യരായിത്തീരേണ്ടതില്ല. നമുക്ക് ചെയ്യുവാനുള്ള ഉത്തരവാദിത്വം പൂർണ്ണ ശക്തിയോടും പൂർണ്ണ ആത്മാവോടും കൂടി ചെയ്യുക. ബാക്കിയുള്ളത് ദൈവത്തിന് വിടുക. ദൈവം വേണ്ട വിധത്തിൽ പ്രവൃത്തിച്ചു കൊള്ളുമെന്ന് ഉറപ്പായി വിശ്വസിക്കുക.

തോമസച്ചൻ

# നോയമ്പുകാല ധ്യാനം – 2016

പ്രശസ്ത ധ്യാന ഗുരുവും, യു കെ ഭദ്രാസനത്തിന്റെ പാത്രിയാർക്കൽ വികാരിയും, ഇടുക്കി ഭദ്രാസന മെത്രാപ്പൊലീത്തായും, ഋത്തുട്ടി ധ്യാന കേന്ദ്രം ഡയറക്ടറുമായ അഭിവന്ദ്യ Zacharias Mor Philoxenos മെത്രാപ്പൊലീത്താ യുടെ നേതൃത്വത്തിലും വികാരി Rev Fr  Biju  Parekkatil ന്റെ സഹകരണത്തിലും ഡബ്ലിൻ സെന്റ്  ഗ്രീഗോറിയോസ് യാക്കോബായ സുറിയാനി പള്ളയിൽ വച്ചു നടത്തപ്പെട്ടു. നിരവധി ഇടവകാഗങ്ങൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.








# General News and Events




**ഡബ്ലിൻ സീറോ മലബാർ ചർച്ച് DRF അംഗത്വം എടുക്കുവാനുള്ള അവസാന ദിവസം ഏപ്രിൽ 30**

ഡബ്ലിൻ:അയർലണ്ടിൽ നിയമാനുസൃതം താമസിക്കുന്ന മലയാളികൾക്കായി ഡബ്ലിൻ സീറോ മലബാർ സഭയുടെ ആഭിമുഖ്യത്തിൽ

## Open House for Indian Community in the Embassy on every third Wednesday of the Month from 1100 to 1200 hours.

The Embassy of India, Dublin would hold next Open House for Indian community to address their problems and grievances on third Wednesdays of each month in the Embassy premises from 1100 hrs to 1200 hrs. During the Open House, members of the community can meet Mrs. Radhika Lal Lokesh, Ambassador and other officers of the Embassy at 6, Leeson Park, Dublin 6 to discuss their consular and other issues. Interested members of the Indian community are invited to attend the Open House.




## Vanitha Samajam Chain Prayer

**Every first Friday of the month from 6 to 24 hrs**

**Please contact samajam.jacobitechurchdublin@gmail.com**

**Please email gregorianvoice@gmail.com with your suggestions and comments.**

# ആദരാഞ്ജലികൾ



We express our heartfelt condolences on the sad demise of Mr Chandy Abraham Father of Mr Kuriakose P.C (Lalichan).

# JSVBS -2016













# VBS CLASSES


















ST.GREGORIOS SYRIAN ORTHODOX
SUNDAY SCHOOL, DUBLIN
VACATION BIBLE
SCHOOL


മലങ്കര യാക്കോബായ സിറിയൻ
സൺഡേസ്കൂൾ അസോസിയേഷൻ
അയർലന്റ് റീജിയൻ
ബാലകലോത്സവം 2016
ഏപ്രിൽ 16 ശനിയാഴ്ച 10 മുതൽ 5 വരെ
താല കിൽനമന കമ്മ്യൂണിറ്റി സെന്ററിൽ
(താല, ഡബ്ലിൻ 24)